15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3523 — 14-07-2022 - ൽ മറുപടിയ്ക്ക്

പാറശാല മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്കുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡുകൾ ലഭ്യമാക്കി നൽകുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത ആവശ്യത്തിനായി പാറശാല മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | (എ) സംസ്ഥാനത്ത് ഇതുവരെ 1,76,082 യു.ഡി.ഐ.ഡി. കാർഡുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്നതിനു വേണ്ടി സാമൂഹ്യനീതി വകുപ്പ് പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പ മന്ത്രി, തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 28.04.2022-ന് വിളിച്ചു ചേർക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യ, തദ്ദേശസ്വയം ഭരണ, സാമൂഹ്യനീതി വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 11.05.2022-ൽ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുടെയും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഓഫീസർമാരുടെയും യോഗം വിളിച്ചു ചേർക്കുകയും കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ എം.എൽ.എ.മാരുടെയും നേതൃത്വപരമായ പങ്ക് അതത് മണ്ഡലങ്ങളിൽ ഉണ്ടാവണമെന്നഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് മന്ത്രി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ക്യാമ്പയിന്റെ ആദ്യഘട്ടമായി മുഴുവൻ ഭിന്നശേഷിക്കാരെയും യു.ഡി.ഐ.ഡി. പോർട്ടലിലേക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള പ്രത്യേക രജിസ്ട്രേഷൻ ഡ്രൈവ് ഇപ്പോൾ നടന്നു വരുന്നു. രജിസ്ട്രേഷൻ ഡ്രൈവിന്റെ ഭാഗമായി 04.07.2022 വരെ 1,16,698 |

| | | | |
|---|---|---|---|
| | | | പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തവരിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷി അസസ്മെന്റ് ഇല്ലാതെ മെഡിക്കൽ റെക്കമെന്റേഷൻ നൽകി യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരോഗ്യവകുപ്പുമായി ചേർന്ന് വികേന്ദ്രീകൃത വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്നതാണ്. കൂടാതെ രജിസ്റ്റർ ചെയ്ത അപേക്ഷകരെ സംസ്ഥാനത്തെ താലൂക്ക്, ജില്ലാ, ജനറൽ ഹോസ്പിറ്റലുകളിലെ സൂപ്രണ്ട് ചെയർമാനായ മെഡിക്കൽ ബോർഡ് വൈകല്യനിർണ്ണയം നടത്തി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്ന പ്രവർത്തനവും നടന്നു വരുന്നു. കേരള സാമൂഹ്യ സുരക്ഷാമിഷനാണ് യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ്, ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഏകോപിപ്പിച്ച് നടപ്പാക്കുന്നത്.<br><br>യു.ഡി.ഐ.ഡി. കാർഡിനായി പാറശ്ശാല മണ്ഡലത്തിൽ നിന്നും 1448 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 769 പേർക്ക് നിലവിൽ യു.ഡി.ഐ.ഡി. കാർഡ് നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പാറശാല മണ്ഡലത്തിൽ സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പാറശാല മണ്ഡലത്തിൽ സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടില്ല. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാർക്ക് അനുവദിച്ചിട്ടുള്ള സഹായ ഉപകരണങ്ങളുടെ വിശദാംശം നൽകാമോ; സഹായ ഉപകരണങ്ങൾ ലഭിക്കുന്നതിനായി പാറശാല മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പാറശാല മണ്ഡലത്തിലെ 22 ഭിന്നശേഷിക്കാർക്ക് വിവിധ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കുറിക്കുന്നു.<br><br>ശ്രുവണ സഹായി - 16, കൃത്രിമ കാൽ - 1, വീൽ ചെയർ - 5. |
| (ഡി) | പാറശാല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കൂടുതൽ സഹായഉപകരണ വിതരണ ക്യാമ്പുകൾ | (ഡി) | എം.എൽ.എ.-യുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ